വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പട്ടിക അനുബന്ധമായി ചേർത്തിരിയ്ക്കുന്നു.* ബാക്കിയുള്ള വകുപ്പുകളിൽ ഘട്ടംഘട്ടമായി മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

(ഡി) മലയാളം ഔദ്യോഗിക ഭാഷയാക്കികൊണ്ട് ഉത്തരവ് പുറപ്പെടുവിച്ച ശേഷവും അതാത് വകുപ്പുകളിൽ വകുപ്പ് മേധാവികൾ അത് പാലിക്കാതിരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പിന്നോക്ക വിഭാഗങ്ങളുടെ സംവരണ നിയമനത്തിലുള്ള ബാക്ക്‌ലോഗ്

34(1279) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സ്വയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പിന്നോക്ക വിഭാഗങ്ങൾക്ക് ഉദ്യോഗനിയമനങ്ങളിൽ സംവരണ വിഭാഗത്തിൽ 1-8-2000 വരെ 18525 തസ്തികകളുടെ കുറവുള്ളതായി ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുകയുണ്ടായോ;

(ബി) പിന്നോക്ക വിഭാഗങ്ങളുടെ ഉദ്യോഗരംഗത്തെ ഈ ബാക്ക്‌ലോഗ് നികത്തുമെന്ന് ഈ സർക്കാർ നേരത്തെ പിന്നോക്ക വിഭാഗങ്ങൾക്ക് ഉറപ്പ് നൽകിയിരുന്നോ;

(സി) എങ്കിൽ പ്രസ്തുത ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെ വിശദാംശങ്ങൾ നൽകുമോ;

(ഡി) ബാക്ക് ലോഗ് നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ നേരത്തെ ഉറപ്പ് നൽകിയതിന്റെയും ഇപ്പോൾ നികത്താൻ കഴിയാതെ വന്നതിന്റെയും സാഹചര്യവും കാരണവും എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ടായി.

(ബി-ഡി) ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2-2-2006-ൽ പുറപ്പെടുവിച്ച സ.ഉ.(പി) നമ്പർ.8/06/പദ്ധവവിവ പ്രകാരം സംവരണ സമുദായങ്ങൾക്ക് നിയമപരമായി ഉദ്യോഗങ്ങളിൽ ലഭിക്കേണ്ട സംവരണ കാറ്റഗറി ഭാവിയിൽ നഷ്ടപ്പെടുകയില്ലെന്ന് ഉറപ്പാക്കിയിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളൊഴികെ മറ്റൊരു സംവരണ സമുദായത്തിനും ഉദ്യോഗ നിയമനത്തിലെ സംവരണ കുറവ് നികത്താൻ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ നിലവിൽ നിയമമില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly